**കേരള സർക്കാർ**

ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്

എസ് എഫ് സി-ബി2/ 56/2017/ധന    തിരുവനന്തപുരം, തിയതി 29/11/2017

**സർക്കുലർ**

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ - ഡേറ്റാ എൻട്രി നടത്തുന്നതിലേക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ വെബ്ബ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ- ഡേറ്റാ ബേസിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഡേറ്റാ ബേസിൽ ഉൾപ്പെടുകയും എന്നാൽ സാക്ഷ്യ പത്രത്തിലെ പിശക് ,ബാങ്ക് അക്കൗണ്ടിലെ പിശക് , പ്രാദേശിക സർക്കാരിലെ സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്യാത്തത് തുടങ്ങിയവ നിമിത്തം പെൻഷൻ ലഭിക്കാത്തവർക്ക് ആവശ്യമായ തിരുത്തലുകൾ ഡേറ്റാ ബേസിൽ വരുത്തുന്നതിന് നവംബർ 30 വരെ സമയം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ സർക്കാർ മനദണ്ഡങ്ങൾ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയില്ലാത്തവരുടെ പെൻഷൻ പ്രാദേശിക സർക്കാർ തലത്തിൽ റദ്ദാക്കപ്പെടാതെ അവശേഷിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത്തരത്തിൽ ഭാവിയിൽ സംഭവിക്കാതിരിക്കുന്നതിലേക്കായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

I) ആദായ നികുതി നൽകുന്നവർ, നാളിതുവരെ തിരിച്ചറിയൽ രേഖ നൽകി പെൻഷൻ പുനരുജ്ജീവിപ്പിക്കാത്തവർ , സർവ്വീസ് പെൻഷണർമാർ , രണ്ടേക്കറിൽ കൂടുതൽ ഭൂമിയുള്ളവർ( പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർ ഒഴികെയുള്ളവർക്ക്) തുടങ്ങി പെൻഷൻ ലഭിക്കാൻ അർഹരല്ലാത്ത എല്ലാ പേരുടേയും പെൻഷൻ സസ്പെൻഡ് ചെയ്ത് ഡേറ്റാ ബേസിൽ മാറ്റം വരുത്താൻ അവശേഷിക്കുന്ന എല്ലാ വിവരങ്ങളും തിരുത്തൽ വരുത്തി സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

ii) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെടുകയാണെങ്കിൽ ടിയാളെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും സസ്പെൻഡ് ചെയ്യാൻ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

2) ഇതിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവപൂർവ്വം വീക്ഷിക്കുന്നതായിരിക്കും.

**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.)

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)

ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെട്ടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ